**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **31-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ കാർഷിക നഴ്സറികൾക്ക് ലൈസൻസ് നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ കാർഷിക നഴ്സറികൾക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അത്തരം നഴ്സറികൾക്ക് മേൽ കൃഷി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സ്വകാര്യ നഴ്സറികൾ ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്തുവർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് 13.12.2005-ലെ സ.ഉ(സാധാ) നം.1796/2005/ കൃഷി ഉത്തരവ് പ്രകാരം മാനദണ്ഡങ്ങളും നിബന്ധനകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം ലഭിക്കുന്നതിനു ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.<br><br>1) കൃഷി ശാസ്ത്ര ബിരുദമോ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമയോ, വൊക്കേഷണൽ ഹയർ സെക്കണ്ടറി (കൃഷി) പരീക്ഷ പാസ്സായതോ ആയ വ്യക്തിയുടെ ചുമതലയിലായിരിക്കണം നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും നടത്തേണ്ടത്. കഴിഞ്ഞ 5 വർഷങ്ങളായി ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്വകാര്യ നഴ്സറികൾ തുടർന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കും എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ അവയ്ക്ക് ഈ നിബന്ധന ബാധകമാകാതെ തന്നെ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും<br><br>2) നഴ്സറികളിൽ ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള ഒരു 'പ്രോജനി ഓർച്ചാർഡ്'' ഉണ്ടായിരിക്കണം. വംശവർധനവിനായി ഉപയോഗിക്കുന്ന മാതൃസസ്യങ്ങൾ ഗുണമേന്മയുള്ളതും ആധികാരിക കേന്ദ്രങ്ങളിൽ നിന്ന് വാങ്ങിയവയുമായിരിക്കണം. ഇനങ്ങൾ തിരിച്ചറിയത്തക്ക വിധത്തിൽ ഇവയിൽ ലേബൽ പതിപ്പിച്ചിരിക്കണം. മാതൃസസ്യങ്ങളുടെ ആരോഗ്യം നിലനിറുത്താനാവശ്യമായ പരിചരണ മുറകൾ പ്രോജനി ഓർച്ചാർഡിൽ എല്ലായ്പ്പോഴും നടപ്പിലായിരിക്കണം. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും അതാതു പ്രദേശത്തെ ബ്ലോക്കുതല |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രോജനി ഓർച്ചാർഡ് പരിശോധിച്ച് മാതൃസസ്യങ്ങൾ അയോഗ്യമാണെന്ന് കണ്ടെത്തിയാൽ അവ പിന്നീട് വംശവർദ്ധനവിനായി ഉപയോഗിക്കാൻ പാടില്ല എന്നു നിഷ്കർഷിക്കേണ്ടതാണ്.

3)നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് വിത്തും കിഴങ്ങും ഉപയോഗിക്കുകയാണെങ്കിൽ അവ സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നായിരിക്കണം വാങ്ങേണ്ടത്.

4) നടീൽ വസ്തുക്കളുടെ ഉത്പാദനം സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസ് ശുപാർശകൾ പുറത്തിറക്കിയിട്ടുണ്ടെങ്കിൽ അതനുസരിച്ചാ- യിരിക്കണം തൈകൾ ഉത്പാദിപ്പിക്കേണ്ടത്.

5) തൈകൾ ഉത്പാദിപ്പിക്കുന്നതിന് നഴ്സറികൾക്ക് കോർപ്പറേഷനിൽ കുറഞ്ഞത് 10 സെന്റും മുൻസിപ്പാലിറ്റിയൽ 20 സെന്റും പഞ്ചായത്തിൽ 50 സെന്റും സ്ഥലം ഉണ്ടായിരിക്കണം. നഴ്സറിയിൽ ജലസേചനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

6)നഴ്സറികളിൽ പ്രോജനി ഓർച്ചാർഡിൽ വളർത്തിയിരിക്കുന്ന മാതൃസസ്യങ്ങളുടെ ഗുണഗണങ്ങൾ, ശേഖരിച്ച സ്ഥലം, തൈകൾ ഉത്പാദിപ്പിക്കുന്നതിനായി വാങ്ങുന്ന വിത്തിന്റെ സംശുദ്ധി, ഗുണഗണങ്ങൾ ശേഖരിച്ച സ്ഥലം എന്നിവ സംബന്ധിച്ച ആധികാരിക പ്രമാണങ്ങൾ നഴ്സറിയിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന തൈകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന പ്രമാണങ്ങളും സൂക്ഷിക്കേണ്ടതാണ്.

7) താഴെപ്പറയുന്ന രജിസ്റ്ററുകൾ നഴ്സറികളിൽ സൂക്ഷിക്കേണ്ടതാണ്.

എ) കൃഷിപ്പണികളെ സംബന്ധിച്ച രജിസ്റ്റർ

ബി) സ്റ്റോക്ക് രജിസ്റ്റർ

സി) വിൽപ്പന രജിസ്റ്റർ

ഡി) ഇൻസ്പെക്ഷൻ രജിസ്റ്റർ

8) നടീൽ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച അംഗീകാരം നൽകൽ

| | | | |
|---|---|---|---|
| | | | നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണ മേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല അതതു പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും.<br><br>നിശ്ചിത ഗുണനിലവാരം ഇല്ലാത്ത നടീൽ വസ്തുക്കൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെ നശിപ്പിക്കുവാൻ നഴ്സറിയുടെ മേൽനോട്ടക്കാരൻ ബാധ്യസ്ഥനായിരിക്കും. ഗുണനിലവാരത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭിക്കാതെ ഒരു കാരണവശാലും നടീൽ വസ്തുക്കൾ വിൽക്കാൻ പാടില്ല.<br><br>9) ഓരോ വില്പന കേന്ദ്രത്തിലും പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, കൗണ്ടർഫോയിലോടുകൂടിയ ക്യാഷ് ബില്ലുകൾ എന്നിവ ഉണ്ടായിരിക്കണം. നടീൽ വസ്തുക്കളുടെ ഇനം തിരിച്ചുള്ള വില വിവര പട്ടിക ഓരോ വിൽപ്പന കേന്ദ്രത്തിലും പ്രദർശിപ്പിക്കണം.<br><br>10) മറ്റ് നിബന്ധനകൾ<br><br>നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ വിറ്റു തീർക്കുന്നതിനുള്ള ഉത്തരവാദിത്വം പൂർണമായും നഴ്സറിയുടെ ചുമതലക്കാരനായിരിക്കും. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കാർഷിക മേളകളിൽ കൃഷി വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം ഈ നഴ്സറികൾ പങ്കെടുക്കേണ്ടതും ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യേണ്ടതുമാണ്. |
| (ബി) | പ്രസ്തുത നഴ്സറികൾ വഴി വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണ മേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല അതതു പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും. ഈ ഉദ്യോഗസ്ഥൻ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെട്ട നഴ്സറി പരിശോധിച്ച്, നഴ്സറിയിൽ വളർത്തിയിരിക്കുന്ന നടീൽ വസ്തുക്കളുടെ ഓരോ ഇനത്തിന്റെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ, പരിശുദ്ധി എന്നിവ തിട്ടപ്പെടുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.<br><br>നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് വിത്തും കിഴങ്ങും ഉപയോഗിക്കുകയാണെങ്കിൽ അവ സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നായിരിക്കണം വാങ്ങേണ്ടത്. ആവശ്യത്തിന് |

| | | | |
|---|---|---|---|
| | | | ലഭ്യമല്ലെങ്കിൽ ഗുണമേന്മ ഉറപ്പുള്ള മറ്റുകേന്ദ്രങ്ങളിൽ നിന്നും കൃഷി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം വാങ്ങാവുന്നതാണ്. കുരുമുളക് തൈകളുടെ ഉല്പാദനത്തിനായി പുറത്തുനിന്നും വാങ്ങുന്ന കുരുമുളക് വള്ളികളുടെ കാര്യത്തിലും ഈ നിബന്ധന പാലിച്ചിരിക്കണം. |

സെക്ഷൻ ഓഫീസർ